# ചിമിഴ്

Little KITEs






SCHOOL CODE- 46030

# ഉള്ളടക്കം


1.എൻ്റെ വിദ്യാലയം

2. സെൻറ്.മേരിസ് ഹൈസ്കൂൾ ചരിത്രവഴികളിലൂടെ

3.ബെൻ കവിതകൾ

4.എന്റെ അനുഭവക്കുറിപ്പ്

5.ആർട്ടിക്കിൾ- ജലം

6.നാടകം- നിപ്പ

7.ചെറുകഥ- ജോജിയുടെ ജീവിതം

8.STORY-MIRACLES OF PORSIEBAN

9.THE SILENT EPIDEMIC -
DRUG ABUSE AMONG HIGH SCHOOL STUDENTS

# എന്റെ വിദ്യാലയം




ARJUN APPUKUTTAN
CLASS: 9



***JISPPAN A.S***
**CLASS-10**

ആദ്യമായി ഞാനെൻ വിദ്യാലയത്തിൽ
പൂമുഖ പടിവാതിൽ കയറിയപ്പോൾ
സ്നേഹപൂർവ്വം എൻ ഗുരുക്കളെന്നെ
മാടി വിളിച്ചു പുഞ്ചിരിയാൽ

മാതാപിതാ ഗുരുദൈവമെന്ന്
അക്ഷരതാളിൽ പഠിപ്പിച്ചെന്നെ
വാക്കുകളാം മരച്ചില്ലയെൻ മനസ്സിൽ
തളിരിട്ടു അക്ഷരം വേരൂന്നി

നന്മയും തിന്മയും ചൊല്ലിതന്നു
നല്ലതു ചെയ്യണമെന്ന് ചൊല്ലി
ആ ഉപദേശമെൻ ജീവിത വഴികളിൽ
താങ്ങായ് തണലായി വിജയമായി

എത്ര വളർന്നാലും എത്ര ഉയർന്നാലും
ഓർമ്മയിലെന്നുമെൻ അധ്യാപകർ
മണ്ണിലാണെങ്കിലും വിണ്ണിലാണെങ്കിലും
ഓർമ്മയിലെന്നുമെൻ വിദ്യാലയം

# സെന്റ്.മേരിസ് ഹൈസ്കൂൾ ചരിത്രവഴികളിലൂടെ

ചിമിഴ്





ക്രിസ്റ്റി കുഞ്ചെറിയ
ക്ലാസ്: 9

കേരളീയ കലകളുടെയും സംസ്കാരത്തിന്റെയും ഈറ്റില്ലമാണ് കുട്ടനാട്. വയലിന്റെയും പുഴയുടെയും ഉപജീവന മന്ത്രങ്ങൾ ഉരുവിട്ടുണരുന്ന ഒരു ജനതയുടെ ജീവിത തുടിപ്പുള്ള കുട്ടനാട്ടിലെ കൈനകരിയിൽ. വിശുദ്ധചാവറ കുര്യാക്കോസ് അച്ചന്റെയും മാർ ജെയിംസ് കാളാശ്ശേരി പിതാവിന്റെയും ജന്മം കൊണ്ട് അനുഗ്രഹീതമായ അറിവിന്റെ അക്ഷയഖനിയായി അനേകായിരങ്ങൾ വിജ്ഞാനം പകർന്ന് കൊടുത്തു കൊണ്ടിരിക്കുന്ന അക്ഷയ മുത്തശ്ശിയാണ് 108 തികഞ്ഞ സെന്റ് മേരിസ് ഹൈസ്കൂൾ.

പള്ളിയോടുചേർന്ന് മതപഠനത്തിനും പൊതുവിദ്യാഭ്യാസത്തിന് ഒരു വിദ്യാലയം നിർബന്ധമായും സ്ഥാപിക്കണമെന്ന വിശുദ്ധ ചാവറ ഏലിയാസ് കല്പനപ്രകാരം ഒരു ധർമ്മശാലയാണ് ആദ്യം സ്ഥാപിച്ചത്. സെന്റ് മേരീസ് എന്ന ധർമ്മശാല പിന്നീട് പള്ളിക്കൂടമായി മാറി. ആദ്യകാലങ്ങളിൽ നിലത്ത് എഴുത്ത് ആശാന്മാർ അക്ഷരങ്ങളും കത്തോലിക്ക പാതിരിമാർ ദൈവവചനങ്ങളും പഠിപ്പിച്ചിരുന്നു.

ജാതിചിന്തകളും ചാതുർ വർണ്യവും നിലനിന്നിരുന്ന കാലഘട്ടത്തിൽ ജാതിമതഭേദമില്ലാതെ കുട്ടനാട്ടിലെ അനേകായിരങ്ങൾക്ക് അക്ഷര വെളിച്ചം പകർന്നുകൊടുക്കുവാൻ സെന്റ്

മേരീസ് സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

1949-ൽ എം.റ്റി ചാക്കോ സാർ ഹെഡ്മാസ്റ്റർ ആയിരുന്ന കാലഘട്ടത്തിൽ സെന്റ് മേരീസ് ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു.

1951-52 അധ്യാന വർഷം എസ്.എസ്.എൽ.സി ആദ്യ ബാച്ച് പഠനം പൂർത്തിയാക്കി.

2017-18 അധ്യയന വർഷത്തിൽ പുതിയ കെട്ടിടത്തിൽ പഠനം നടത്തുവാനും സ്മാർട്ട് ക്ലാസ്സുകൾ സ്ഥാപിക്കാനും സാധിച്ചു.

മികച്ച ലൈബ്രറി, സുസജ്ജമായ ലബോറട്ടറി, കമ്പ്യൂട്ടർ റൂം, പഠനത്തിന് അനുയോജ്യമായ ക്ലാസ് മുറികൾ, ഫർണിച്ചറുകൾ, കളിസ്ഥലം തുടങ്ങിയ അനേകം സൗകര്യങ്ങൾ.
ഐടി ക്ലബ്,മാക്സ് ക്ലബ്, ലിറ്റിൽ കൈറ്റ്സ്, ഹെൽത്ത് ക്ലബ്, സോഷ്യൽ സയൻസ് ക്ലബ്, ജൂനിയർ റെഡ് ക്രോസ്, സയൻസ് ക്ലബ്, കെ സി എസ് എൽ, ഇവയെല്ലാം ഇവിടെ പ്രവർത്തിക്കുന്നു.









swimming



little kites













RED CROSS



SCIENCE CLUB





# ബെൻ കവിതകൾ

ബെൻ തോമസ്
ക്ലാസ്: 5


## രാത്രി

നിലാവിൻ
വെളിച്ചത്തിൽ
ശോഭിക്കും രാത്രി
നമ്മെ നിദ്രയിലേക്ക്
അയക്കുന്ന രാത്രി
നക്ഷത്രത്തിന് ശോഭ
പകരുന്ന രാത്രി
എന്നെന്നും ചന്ദ്രനെ
കാണിക്കും രാത്രി
താരത്തിൻ
നിറപ്പകർപ്പുള്ളൊരു
രാത്രി
സ്വപ്നക്കൂടിനെ
കാണിക്കും
രാത്രി
എന്നെന്നും ജീവന്
തുല്യമാം രാത്രി
എന്നെന്നും ജീവന്
തുല്യമാം രാത്രി

## വനത്തിന്റെ ദുരിതം

വിലയില്ല ഇന്ന് കാടിന്
വിലയില്ലേ ഇന്ന് ശാഖയ്ക്ക്
വിലയില്ല ഇന്ന് കാടിന്
വിലയില്ല ഇന്ന് ശാഖയ്ക്ക്

എത്ര ശാന്തമായ ഉദ്യാനം ഇത്
എത്ര ശാന്തമായ വനമാണിത്
സ്വർഗ്ഗമായിരുന്നു പാരിൽ
ഇത്
നരകം ആണെന്ന് പാരിൽ
ഇത്
ചിന്നം വിളിക്കുന്ന
കൊമ്പനാന
ദാഹമകറ്റുന്ന മാനുകളും
ഉള്ളവനമായിരുന്നു പണ്ട്
ഇന്ന് മൃഗം ഇല്ല വനം
ആകുന്നു
പുല്ലെല്ലാം
മണലാകുന്നു
മരമെല്ലാം മൈതാനവും
തണൽ എല്ലാം വെയിൽ
R6T
ശാഖകൾ വീടുകളും
കാക്കണം നാം വനത്തെ
നമ്മുടെ മാതാവിനെ
പരിപാലിക്കണം അച്ഛനെ
വന മുത്തശ്ശിയെ
സംരക്ഷിക്കണം



# അഹിംസയുടെ ഗുരു

ഗുരുവായിരുന്നു അങ്ങ്
ഗുരുവായിരുന്നു എന്നും
സത്യമഹിംസയുടെ
ദൈവമാകുന്നു എന്നും
പാരിതിൽ ശോഭിക്കും തേജസിൻ ഉടമയും
ഭാരതമെന്ന ഒറ്റ സ്വപ്നം
കണ്ടു അങ്ങ്
തൻ ശക്തി അഹിംസ
സത്യാഗ്രഹം താനായുധം
എന്നു ചൊല്ലി പഠിപ്പിച്ചവൻ
എൻ ഗുരു
തൻ നാട് താൻ സ്വത്ത്
തൻ അവകാശമെന്നൊറ്റ വിശ്വാസം
ഉള്ള ഗുരു
എന്റൊരു എന്നും
എൻ മനസ്സിൽ
മായാത്ത മുദ്രയായി തിളങ്ങിടുന്നു
മായാത്ത ശക്തിയായി നിന്നിടുന്നു
മായാത്ത അഹിംസയായി ശോഭിക്കുന്നു.

# മനുഷ്യൻ

മനുഷ്യൻ വളരുന്നു
മനുഷ്യർ വളരുന്നു
അവരുടെ ചിന്താഗതികളും വളരുന്നു
ജംഗ്ഫുഡും പാനീയങ്ങളും കടകളിൽ എത്തി
ബർഗറും പിസയും ഒക്കെ വിപണിയിൽ വന്നു
തൻ ഭാഷ മറന്നു മനുഷ്യൻ
തൻചിന്ത മറന്നു മനുഷ്യൻ
അമ്മ വേണ്ട അച്ഛൻ വേണ്ട
മനുഷ്യന് മൊബൈൽ ഫോൺ വേണമെന്ന ഒറ്റ ചിന്തയായി
മനുഷ്യൻ നശിക്കുന്നു മനുഷ്യർ നശിക്കുന്നു
അവരുടെ ചിന്താഗതികളും നശിക്കുന്നു
മനുഷ്യർ നശിക്കു

# എൻ്റെ അനുഭവക്കുറിപ്പ്



കാശിനാഥ് മനോജ്
ക്ലാസ്: 9

## വിഷ്വൽ ടാലന്റ് ക്യാമ്പ്.

9/01/ 2024ൽ ആലപ്പുഴ കർമ്മസദനിൽ വച്ച് നടന്ന വിഷ്വൽ ടാലൻ ശില്പശാലയിൽ കുട്ടനാടിനെ പ്രതിനിധീകരിച്ച് നമ്മുടെ സ്കൂളിൽ നിന്നും ഞാൻ പങ്കെടുക്കുകയുണ്ടായി. അപ്രതീക്ഷമായിട്ടാണ് ഞാൻ ഇതിൽ പങ്കെടുത്തത്. അതുകൊണ്ടുതന്നെ ക്യാമ്പിലെ വിശേഷങ്ങൾ അറിയുവാൻ. എനിക്ക് അതിയായ കൗതുകം ഉണ്ടായിരുന്നു. അന്ന് രാവിലെ ഞാനും അച്ഛനും 9 45 ന് ആലപ്പുഴ കർമ്മസദനിലെത്തി. ഉടൻ തന്നെ രജിസ്ട്രേഷൻ ചെയ്ത്ു അച്ഛനെ തിരികെ അയ ച്ച് മീറ്റിംഗ് ഹാളിൽ പ്രവേശിച്ചു. തുടക്കം മുതൽ നല്ല നല്ല അനുഭവങ്ങൾ പകർന്നു നൽകുന്നതായിരുന്നുക്യാമ്പയിൻ . അപ്പോഴാണ് ഞാൻ ശരിക്കും അറിഞ്ഞത് അത് സിനിമയുടെ ശില്പശാല ആണെന്ന്. സിനിമാ മേഖലകളിലേക്ക് കടന്നു വരാൻ താല്പര്യമുള്ള കുട്ടികൾക്ക് വേണ്ടി അതിന്റെ സാധ്യതകളും അടിസ്ഥാനവും മാണ് അവർ പറഞ്ഞു കൊടുക്കുന്നത് എന്നും. രാവിലെ ഡയറക്ഷനെ കുറിച്ചുള്ള ക്ലാസ്സ് ആയിരുന്നു. പ്രമുഖ ഡയറക്ടർ,തൊണ്ടിമുതലും ദൃക്സാക്ഷികളും, സിനിമ ഡയറക്റ്റ് ചെയ്ത അദ്ദേഹത്തിന്റെ ക്ലാസ് ആയിരുന്നു ഡയറക്ഷനെ കുറിച്ച് അദ്ദേഹംനന്നായി പറഞ്ഞു തന്നു. അതിനുശേഷം 11 മണിക്ക് t ടീ ബ്രേക്ക് ആയിരുന്നു. ശേഷം അടുത്ത സെക്ഷൻ പ്രമുഖ സിനിമ നടൻ അനൂപ് ചന്ദ്രൻ ആയിരുന്നു അദ്ദേഹം സിനിമ ജീവിതത്തിലെ തന്റെ അനുഭവങ്ങൾ പങ്കുവെച്ചു കൃത്യം 1 30 .ന് ഭക്ഷണം സ്വാദിഷ്ഠമായ ഭക്ഷണം ആയിരുന്നു അത് ശേഷം ഈവനിംഗ് സെക്ഷൻ സ്ക്രിപ്റ്റ് റൈറ്റിംഗിനെ കുറിച്ച് ആയിരുന്നു അതിൽ റഞ്ഞുതന്നത് ശേഷം ടീ. ബ്രേക്ക്.



ബ്രേക്കിന് ശേഷം ഞങ്ങളെ ഞങ്ങളുടെ റൂമിലേക്ക് പറഞ്ഞു വിട്ടു. അതുകഴിഞ്ഞ് ഞങ്ങൾ എല്ലാവരും ഒരുമിച്ച് കൂട്ടുകാരായി. ഒരാൾക്ക് ഒരു കട്ടിലെന്ന് സജ്ജീകരണത്താൽ പല പല സ്ഥലത്തായിരുന്നു കട്ടിലുകൾ സ്ഥാപിച്ചിരുന്നത്. എന്നാൽ ഞങ്ങൾ ആ കട്ടിലുകൾ എല്ലാം പിടിച്ചിട്ട് ഒരു വലിയ ബെഡ് ആക്കി അതേലായിരുന്നു കിടന്നുറങ്ങിയത്. പ്രേത പടങ്ങൾ ഒക്കെ കണ്ട് വളരെ സന്തോഷമായാണ് ഉറങ്ങിയത്. രാവിലെ കൃത്യം ഏഴിന് ബെഡ് കോഫി. കൃത്യം എട്ടരയ്ക്ക് ബ്രേക്ക് ഫാസ്റ്റ് പിറ്റേദിവസം രാവിലെ മോണിംഗ് സെഷൻ പ്രമുഖ സിനിമ ക്യാമറാമാൻ കെ ആർ നാരായണൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രമുഖ ക്യാമറാമാൻ സെൻടൽ സാറായിരുന്നു ക്ലാസ് എടുത്തത് ക്യാമറ എങ്ങനെ ഉപയോഗിക്കണം ഏതൊക്കെ ഷോട്ടുകളിൽ ആയിട്ട് ക്യാമറ സെറ്റ് ചെയ്യണം എന്നൊക്കെ അദ്ദേഹം പറഞ്ഞു തന്നു.ശേഷം ഉച്ചകഴിഞ്ഞ്. എഡിറ്റിങ്ങിനെ കുറിച്ച് ആയിരുന്നു പറഞ്ഞു തന്നത് ശേഷം അന്ന് രാത്രി ഞങ്ങൾ സ്വന്തമായി ഒരു ഷോർട്ട് ഫിലിം ഷൂട്ട് ചെയ്തു വേറെ ആരും അറിഞ്ഞിരുന്നില്ല ഞങ്ങളുടെ റൂമിൽ ഉള്ളവർ മാത്രം. ശേഷം പിറ്റേ ദിവസം രാവിലെ പ്രമുഖ സിനിമ നടൻ ഡയറക്ടർ സ്ക്രിപ്റ്റ് റൈറ്റർ എസ് ഐ ടി യുടെ പ്രസിഡന്റ് എന്നിവരൊക്കെ എത്തി സമാപന സമ്മേളനം ആരംഭിച്ചു. അപ്പോൾ അവരുടെ മുന്നിൽ വച്ച് ഞങ്ങൾ ഞങ്ങളുടെ ഷോർട്ട് ഫിലിം പ്രചരിപ്പിച്ചു ഒത്തിരി അധികം അഭിനന്ദനകൾ ഞങ്ങൾക്ക് കിട്ടി. സമ്മേളനത്തിനുശേഷം എല്ലാവർക്കും സദ്യയും തന്ന് ഞങ്ങൾ വിഷ്വൽ ടാലന്റ് ക്യാമ്പിൽ നിന്നും പിരിഞ്ഞു. ഈ ക്യാമ്പ് എന്റെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു അനുഭവമാണ്.

# ജലം





ആദിത്യൻ സുനിൽകുമാർ
ക്ലാസ്: 8

ജീവന്റെ നിലനില്പിന് അത്യന്താപേക്ഷിതമാണ് ജലം. ശുദ്ധജലത്തിന് നിറമോ മണമോ രുചിയോ ഒന്നും തന്നെ ഇല്ല. കിണറുകളിലും, തടാകങ്ങളിലും ,പുഴകളിലും എല്ലാം ജലം നിറഞ്ഞിരിക്കുന്നു. ഘരം ,ദ്രാവകം,വാതകം എന്നീ മൂന്നു അവസ്ഥകളിലാണ് ജലം കാണാൻ സാധിക്കുന്നത്. എന്നാലും നമുക്ക് അവശ്യമായ ജലം ഇന്ന് പല ഭാഗങ്ങളിലും ദൗർ ബല്യം നേരിടുന്നു. ജലമെന്ന വാക്കിന് പല അർഥങ്ങളുണ്ട്.സംസ്കൃത പദമായ ജൽ എന്ന വാക്കിൽ നിന്നാണ് ജലം രൂപംകൊണ്ടത്. നാം പല ആവശ്യങ്ങൾക്കായി ജലം ഉപയോഗിക്കുന്നു.കുടിക്കാനും, കുളിക്കാനും,വസ്ത്രങ്ങൾ കഴുകാനും എല്ലാം ജലം ഉപയോഗിക്കുന്നു.എല്ലാ വർഷവും മാർച്ച്-22 ലോക ജല ദിനമയി ആചരിക്കുന്നു.

ശുദ്ധജല

ഭൂമിയുടെ ഉപരതലത്തിൽ 100% ജലമാണ് അതിൽ 71% സമുദ്രജലം അതിൽ 2.5 % മാത്രമാണ് ശുദ്ധജലം അവശേഷിക്കുന്നത്. ശുദ്ധജല ലഭ്യത ഒരു ആഗോള പ്രശ്നമായി മാറിയിരിക്കുന്നു. ജലലഭ്യത 20 വർഷകൊണ്ട് 3/1 ആയി ചുരുങ്ങി. തണ്ണീർത്തടങ്ങൾ,ചതുപ്പ് നിലങ്ങൾ,തോടുകൾ, പുഴകൾ,എല്ലാം അപ്രത്യക്ഷമായിരിക്കുന്നു.ജലസ്രോതസുകൾ എല്ലാം തന്നെ മലിനമയിരിക്കുന്നു.മലിനജല ഉപയോഗം മൂലം രോഗങ്ങളാൽ 20 ലക്ഷം കുട്ടികളാണ് നമ്മുടെ നാട്ടിൽ മരിക്കുന്നത്. 44 നദികളാൽ സമൃദ്ധമായ നമ്മുടെ ഈ നാട്ടിൽ 40* വരെ താപം

എത്തിനിൽക്കുന്നു.വലിയ മുതൽ മുടക്കില്ലാതെ ഒരു പ്രദേശത്തിന് ജലം സംഭരിച്ച് വെക്കുന്നതിന് ഒരു നല്ല മാർഗമാണ് ജലസംഭരണി.

ജലമലിനീകരണം

---

കുളം,തടാകം,കായൽ,നദി, കടൽ ജലസ്രോതസുകൾ പോലുള്ള ജലാശയങ്ങൾ മലിനമായാൽ ഉണ്ടാകുന്നതാണ് ജല മലി നീകരണം.

ജലം - വ്യവസയവും വികസനവും

---

1. ഹൗസ്ബോട്ട്
ആലപ്പുഴയിൽ ഹൗസ്ബോട്ട് ലോക പ്രശസ്തമാണ് വിവിധ വലുപ്പത്തിലും ക്ലാസ്സിലും ഉള്ള ഹൗബോട്ടുകൾ ഇന്ന് ലഭ്യമാണ്. കുടുംബമോ കൂട്ടുകരോ ഒരുമിച്ച് അടിച്ചുപൊളിക്കാൻ കായലിനു നടുവിൽ ഹൗബോട്ടുകൾ ഉപയോഗിക്കുന്നു. ലൈഫ് സ്റ്റാർ ഫെസിലിറ്റി വാഗ്ദാനം ചെയ്യുന്ന ഹൗബോട്ടുകൾ വരെയുണ്ട്.

പരമ്പരാഗത രീതിയിലുള്ള ഹൗസ്ബോട്ട് മുതൽ ആധുനിക രീതി യിലുള്ള ഹൗസ്ബോട്ട് വരെയുണ്ട്.
ദോഷവശങ്ങൾ-
ഹൗബോട്ടുകളിലെ ഇന്ധനം പുറം തള്ളുന്നത് മൂലം ജലാശയം മലിനപ്പെ ടുകയും. അത് മത്സ്യങ്ങളെ ബാധി ക്കുകയും ചെയ്യുന്നു. ഹൗസ്ബോട്ടിൽ ഉപയോഗിക്കുന്ന പ്ലക്സ്റ്റിക്ക് ഉത്പന്നങ്ങൾ അലക്ഷ്യമായി വലിച്ചെറിയുകയും അത് ജലം മലിനമാക്കുകയും ചെയ്യുന്നു.

2. മത്സ്യബന്ധനം

---

കേരളത്തിൽ രണ്ടു തരം മൽത്സ്യ ബന്ധനം ആണ് നടക്കുന്നത് കടൽ മൽത്സ്യബന്ധ നവും,ജലാശയ മത്സ്യബന്ധനവും .
തീരദേശ പ്രദേശങ്ങളായ 9 ജില്ലകളിലാണ് കടൽ മത്സ്യ ബന്ധനം നടക്കുന്നത്. കൊല്ലം,കോട്ടയം,എറണാക ുളം,ആലപ്പുഴ എന്നീ ജില്ലകളിലാണ് ഉൾനാടൻ മത്സ്യബന്ധനം നടക്കുന്നത്.
ദോഷവശങ്ങൾ-
കടലിലെയും

ജലാശയത്തിലെയും
മത്സ്യബന്ധനത്തിന്
ഒരുപോലെ ബാധിക്കുന്ന ഒന്നാണ് പ്ലാസ്റ്റിക് മാലിന്യം. കുട്ടനാട്ടിലെ നെല്പാടങ്ങളിലെ അമിതമായ കീടനാശിനി ഉപയോഗം മൂലം ജല മലിനീകരണം നടക്കുന്നു.

3. കയർ വ്യവസായം

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ, ചേർത്തല എന്നീ ജില്ലകളിലാണ് കയർ വ്യവസായം നടത്തുന്നത്. തീരദേശ പ്രദേശങ്ങളിൽ നിന്ന് ശേഖരിക്കുന്ന മികച്ച ഇനം തേങ്ങയുടെ ചകിരി ഉപയോഗിച്ചാണ് കയർ വ്യവസായം നടത്തുന്നത്.

## ഉപസംഹാരം

ഒരു മനുഷ്യന് ഒരു ദിവസം മുഴുവനും ഭക്ഷണം കഴിക്കാതെ ഇരിക്കാം. എന്നാലോ, ഒരു മണിക്കൂർ പോലും ജലം കുടിക്കാതെ ഇരിക്കാൻ സാധിക്കുകയില്ല.ജലം അമൂല്യമാണ് അത് പാഴാക്കരുത്.



# നാടകം

കൊറോണയെ കണക്ക് ഒരു വൈറസാണ് നിപ്പ അധികമായി ഒന്നും പടർന്നില്ല അത് പടർന്നിരുന്നുവെങ്കിൽ എന്ത് ചെയ്യണം എന്നതാണ് ഈ നാടകത്തിലൂടെ നമ്മൾ കാണാൻ പോകുന്നത്

## രംഗം ഒന്ന്

മാങ്ങ നിറഞ്ഞ തോട്ടത്തെ ലക്ഷ്യമാക്കി വവ്വാലുകൾ വരുന്നു

വവ്വാൽ ഒന്ന്: നമുക്ക് ഈ മാങ്ങ മുഴുവനും തിന്നണം

വവ്വാൽ 2: നമുക്കിത് മുഴുവനും തിന്നേക്കാം

വവ്വാൽ 3: ഇതൊക്കെ ഇനി എപ്പോൾ തിന്നു തീർക്കാൻ

വവ്വാൽ 4: നമുക്ക് സൂര്യൻ ഉദിക്കുന്നത് വരെ ഈ മാങ്ങാ തിന്നാം

വവ്വാലുകൾ എല്ലാം ചേർന്ന് മാങ്ങകൾ തിന്നാൻ തുടങ്ങുന്നു

വവ്വാൽ മൂന്ന് മാങ്ങയിൽ നക്കി അത് കഴിക്കാൻ തുടങ്ങുമ്പോൾ വവ്വാൽ ഒന്നു പറയുന്നു

വവ്വാൽ 1: നമുക്ക് പോകാം സൂര്യൻ ഉദിക്കാറായി അല്ലെങ്കിൽ നമ്മൾ കണ്ണു കാണാതെ മരിക്കും

വവ്വാൽ മൂന്നിന് ആ മാങ്ങ കഴിക്കാൻ പറ്റിയില്ല അവരെല്ലാവരും തിരിച്ചുപോകുന്നു

## രംഗം രണ്ട്

പിറ്റേദിവസം രാവിലെ തോട്ടത്തിൽ ഉള്ളവർ തോട്ടത്തിലേക്ക് വരുന്നു

രാജീവ്: ഈ വവ്വാലുകളെ കൊണ്ട് തോറ്റു ഇതിലെ പകുതിയും തിന്നുതീർത്തു

രമേശ്: നമ്മുക്ക് ഇഷ്ടം ഇതിലുള്ളത് പറിക്കാം

രാജീവ്: വവ്വാലുകളുടെ ശല്യം കുറയ്ക്കാൻ നമ്മൾ എന്ത് ചെയ്യും

രമേശ്: എനിക്കറിയില്ല

അവർ കിട്ടിയ മാങ്ങകൾ പറിച്ചു കൊണ്ട് പോകുന്നു അതിൻറെ കൂട്ടത്തിൽ വവ്വാൽ നക്കിയ മാങ്ങയും കുറച്ചു കുട്ടികൾ അതിൽ നിന്ന് ഒരു മാങ്ങ തരുമോ എന്ന് ചോദിക്കുന്നു

ടോമി: അങ്കിൾ ഞങ്ങൾക്ക് ഒരു മാങ്ങ തരുമോ

രാജീവ്: എന്തിനാ

ടോമി: ഞങ്ങൾക്ക് എല്ലാവർക്കും കഴിക്കാന

രമേശ്: ഇവർക്ക് മാങ്ങ കൊടുക്കണോ രാജീവ്

രാജീവ്: കൊടുത്തേക്ക്

കുട്ടികൾ എല്ലാവരുംകൂടി: താങ്ക്യൂ

കുട്ടികൾക്ക് അവർ ആ വവ്വാൽ നക്കിയ മാങ്ങ നൽകുന്നു. അവർ അതുകൊണ്ട് പോകുന്നു

രാമു: കഷ്ടപ്പെട്ട ഈ മാങ്ങ അവരോട് ചോദിച്ചത്

ടോമി: ഞാനല്ലേ ചോദിച്ചത് എന്നിട്ട് നീ കഷ്ടപ്പെട്ട് മേടിച്ചു എന്നോ

രാജു: നമ്മക്ക് ഇത് കഴിക്കേണ്ട

ടോമി: ഇത് കഴുകണമെങ്കിൽ ഇനി പുഴയിലോട്ട് പോകണ്ടേ അതിന് ഇനി എത്ര ദൂരം കാണും

രാമു: ശരിയാ ബാക്കി സാധനങ്ങളെക്കെ ഇല്ലേ നമുക്ക് പെട്ടെന്ന് ഉണ്ടാക്കാം അല്ലെങ്കിൽ ചിലപ്പോൾ ഞാൻ ഈ മാങ്ങ മുഴുവൻ തിന്നു കളയും

രാജു: ഇവനൊരു കൊതിയൻ ആണല്ലോ

ടോമി: നമ്മുക്ക് ഇപ്പോൾ തന്നെ അച്ചാർ ഉണ്ടാക്കി കഴിച്ചേക്കാം

എല്ലാവരും അച്ചാർ ഉണ്ടാക്കി കഴിക്കുന്നു

രാജു: അച്ചാറിന് നല്ല രുചി ആയിരുന്നു

രാമു: ശരിയാ

രാജു: നമുക്ക് വീട്ടിൽ പോകാൻ സമയമായി. ഞാൻ പോവാ നിങ്ങൾ വരുന്നുണ്ടോ

ടോമി,രാജു: ഉണ്ട്

ഒരുമിച്ച് നടന്നുപോകുന്നു

## രംഗം 3

ടോമിയുടെ വീട്

ടോമി അമ്മയുടെ അടുത്ത് ഓടിവന്നു

ടോമി: അമ്മേ ഞാൻ വന്നു

അമ്മ: പോയി കുളിച്ചിട്ട് വാടാ അല്ലെങ്കിൽ നീ ഇങ്ങോട്ട് കയറണ്ട

ടോമി പോയി കുളിച്ചിട്ട് വരുന്നു

ടോമി: അമ്മേ എനിക്കിപ്പം കയറാമല്ലോ

അമ്മ: ആ കയറടാ

ടോമി: ഞാൻ അമ്മയോട് ഒരു കാര്യം പറയട്ടെ

അമ്മ: എന്തുവാ പറയടാ

ടോമി: അമ്മ ഞാൻ രാജുവും രാമുവും ആയിട്ട് ഒരു മാങ്ങാച്ചാർ ഉണ്ടാക്കി

അമ്മ: അച്ചാർ ഉണ്ടാക്കാനുള്ള സാധനങ്ങൾ എവിടെന്ന് കിട്ടി

ടോമി: അച്ചാറിനുള്ള സാധനങ്ങൾ അവർ എടുത്തു മാങ്ങ ഞാൻ രമേശ് അങ്കിളിനോട് ചോദിച്ചു

അമ്മ: ഇതൊക്കെ കഴിച്ച് രോഗം ഒന്നും വരാതെ ഇരുന്നാൽ മതി

## രംഗം നാല്

പിറ്റേദിവസം രാവിലെ ടോമിയുടെ വീട്ടിൽ

ടോമി: അമ്മേ എനിക്ക് പനിയും ചുമയും ഉണ്ടെന്ന് തോന്നുന്നു

അമ്മ: ഇന്നലെ ഞാൻ പറഞ്ഞതല്ലേ മാങ്ങ കഴിച്ച് രോഗം ഒന്നും വരുത്തല്ലേ എന്ന്

ടോമി: അതൊന്നുമില്ല അമ്മേ

അമ്മ: ഇനി നീ ഇപ്പം ഈ ഗുളിക കഴിച്ച് സ്കൂളിലേക്ക് പോ

ടോമി: ശരി

ടോമി സ്കൂളിലേക്ക് പോകുന്നു

ടോമി: എടാ രാജു നിനക്ക് ഇന്ന് എഴുന്നേറ്റപ്പോൾ വല്ല രോഗവും ഉണ്ടായിരുന്നോ

രാജു: എനിക്ക് പനിയായിരുന്നു

ടോമി: നിനക്കോടാ രാമു

രാമു: എനിക്കും പനിയും തലവേദനയും ഉണ്ടായിരുന്നു

രാജു: അത് എന്താടാ നീ അങ്ങനെ ചോദിച്ചത്

ടോമി: രാവിലെ എഴുന്നേറ്റപ്പോൾ എനിക്ക് പനിയും തലവേദനയും ഉണ്ടായിരുന്നു അമ്മ പറഞ്ഞു ഇന്നലെ അച്ചാർ കഴിച്ചിട്ടാണെന്ന് അതാ ഞാൻ നിങ്ങളോട് ചോദിച്ചത്

രാജു: എന്നോട് അമ്മ അങ്ങനെ പറഞ്ഞായിരുന്നു

## രംഗം 5

പിറ്റേദിവസം രാവിലെ ടോമിയുടെ വീട്ടിൽ

ടോമി: അമ്മേ എനിക്ക് ഭയങ്കര പനിയും തലവേദനയും

അമ്മ: കുറച്ചു കഴിയട്ടെ നമുക്ക് ആശുപത്രിയിൽ പോകാം

അമ്മയും ടോമിയും കൂടെ ആശുപത്രിയിൽ പോകുന്നു

ഡോക്ടർ: എന്തുപറ്റി

അമ്മ: രണ്ടു ദിവസമായിട്ട് പനിയും തലവേദനയും അവന്

ഡോക്ടർ: വാ മോനെ ഞാൻ നോക്കട്ടെ

അമ്മ: ഡോക്ടർ അവന് വല്ല പ്രശ്നവും ഉണ്ടോ

ഡോക്ടർ: ഇവന് നിപ്പയാണ്

അമ്മ: നിപ്പയോ അവന് അത് എങ്ങനെ വന്നു

ഡോക്ടർ: പക്ഷികൾ നൽകിയതോ കടിച്ചതുമായ പഴങ്ങൾ കഴിക്കുക അല്ലെങ്കിൽ നിപ്പയുള്ള വരിയിൽ നിന്ന് പകരുക വവ്വാൽ കാരണമാണിത് ഉണ്ടാകുന്നത്

അമ്മ: വവ്വാലോ

ഡോക്ടർ: ഈ രോഗം പകരാനുള്ള പ്രധാന കാരണം വവ്വാലാണ്

അമ്മ: ഇത് മാറാനുള്ള വല്ലോ മരുന്നുമുണ്ടോ

ഡോക്ടർ: അങ്ങനെ പ്രത്യേകിച്ച് മരുന്നുകൾ ഒന്നുമില്ല ഞാൻ പനിയും തലവേദനയും മാറാനുള്ള മരുന്ന് തരാം

അമ്മ: ശരി ഡോക്ടർ

## രംഗം 6

അവർ വീട്ടിലേക്ക് പോകുന്നു. അവിടെവച്ച് രാജുവിന്റെയും രാമുവിന്റെയും അച്ഛൻ വരുന്നു

രാജുവിന്റെ അച്ഛൻ: അവന് എങ്ങനെയുണ്ട്

അമ്മ: തലവേദനയ്ക്ക് ചെറിയ കുറവുണ്ട്

രാമുവിന്റെ അച്ഛൻ: ഇവർക്ക് തലവേദനയും പനിയും മാത്രമേ ഉള്ളോ

അമ്മ: ഇവർക്ക് നിപ്പയാണ്

രാജുവിന്റെ അച്ഛൻ: നിപ്പയോ അതെങ്ങനെ ഇവർക്ക് വന്നത്

അമ്മ: വവ്വാൽ കാരണമാണ് വന്നത് എന്നാണ് ഡോക്ടർ പറഞ്ഞത്

രാമുവിന്റെ അച്ഛൻ: വവ്വാലോ

രാജുവിന്റെ അച്ഛൻ: വവ്വാലിനെ ഒക്കെ പോയി നമുക്ക് തല്ലിക്കൊല്ലം

രാമുവിന്റെ അച്ഛൻ: ശരിയാ ഞാനുമുണ്ട് നമുക്ക് പോയി എല്ലാത്തിനെയും കൊല്ലണം എങ്കിലേ ഈ രോഗം നിൽക്കുകയുള്ളൂ

രാജുവിന്റെ അച്ഛനും രാമുവിന്റെ അച്ഛനും കൂടി വവ്വാലുകളെ കൊല്ലാൻ പോകുന്നു

## രംഗം 7

അവർ വവ്വാലുകൾ കുറയുള്ള സ്ഥലത്ത് കമ്പുമായി പോകുന്നു

രാജുവിന്റെ അച്ഛൻ: എല്ലാത്തിനെയും കൊല്ലണം

രാമുവിന്റെ അച്ഛൻ: വാ എല്ലാത്തിനെയും കൊന്നേക്കാം

അവർ രണ്ടുപേരും ചേർന്ന് എല്ലാത്തിനെയും കൊല്ലുന്നു

രാജുവിന്റെ അച്ഛൻ: എല്ലാത്തിനെയും കൊന്നു ഇനി ഈ രോഗം പോലും കാണില്ല

രാമുവിന്റെ അച്ഛൻ: ശരിയാ

അവർ എല്ലാ വവ്വാലുകളെയും കൊന്നിട്ട് അവിടെ നിന്നു പോകുന്നു

നാട്ടിൽ മുഴുവൻ അസുഖം വരുന്നു അവർ ഈ കാര്യം പഞ്ചായത്ത് പ്രസിഡന്റിനോട് പറയാം എന്ന് വിചാരിക്കുന്നു

## രംഗം 8

അവർ പഞ്ചായത്ത് പ്രസിഡന്റിനെ കാണാൻ പോകുന്നു

രാജുവിന്റെ അച്ഛൻ: സാറേ നാട്ടുകാർക്കെല്ലാം നിപ്പ പടർന്നിരിക്കുന്നു. ഇതിനു പരിഹാരം എന്തെങ്കിലും ചെയ്യണം

പ്രസിഡൻറ്:
ഞാൻ ശരി ഞാൻ നോക്കാം

രാമുവിന്റെ അച്ഛൻ: നോക്കിയാൽ പോരാ ചെയ്യണം എങ്കിലേ ഈ രൊഗത്തിന് പരിഹാരം  കാണാൻ കഴിയു

പ്രസിഡൻറ്:  ഞാൻ ചെയ്യാം ഞാൻ ഇതിനുവേണ്ടി ഒരു ആരോഗ്യ പ്രവർത്തകനെ അയക്കാം

പ്രസിഡൻറ് ഒരു ആരോഗ്യ പ്രവർത്തകനെ അയക്കുന്നു അയാൾ അവിടെ എത്തുന്നു

നാട്ടുകാരിൽ ഒരാൾ: പ്രസിഡൻറ് അയച്ച ആരോഗ്യപ്രവർത്തകനാണോ

ആരോഗ്യ പ്രവർത്തകൻ: അതെ

ആരോഗ്യപ്രവർത്തകൻ നിപ്പയെ തടുക്കുന്നതിന് കുറിച്ച് പറയുന്നു

ആരോഗ്യപ്രവർത്തകൻ: പ്രിയ നാട്ടുകാരെ നിപ്പ ഒരു പകർച്ചവ്യാധിയാണ് അതിനെ തടുക്കാൻ ആയി നിങ്ങൾ മാസ്ക് വെക്കുക സാമൂഹിക അകലം പാലിക്കുക രോഗബാധിതയുള്ളവർ വീട്ടിൽ തന്നെ ഇരിക്കുക ഇങ്ങനെ നമുക്ക് ഈ രോഗത്തിന് തടയാനാകും. നമ്മൾക്ക്  അറിയാവുന്നത് പോലെ വവ്വാലിൽ നിന്ന് പകരുന്ന രോഗമാണ് നിപ്പ അതുകൊണ്ട് തന്നെ വവ്വാലുകൾ കടിച്ച പഴമോ തൊലിയുടെ മുകളിൽ ചെറിയ ചെറിയ പാടുകൾ ഉള്ള പഴങ്ങളോ കഴിക്കാതിരിക്കുക ഈ വവ്വാലിനെ ഓടിക്കാനോ കൊല്ലാനോ ശ്രമിക്കരുത് അതുവഴി കൂടുതൽ വൈറസ് അതിൻറെ ശരീരത്തിൽ നിന്ന് പുറന്തള്ളും

## രചന-കരുൺഷൈൻ

ക്ലാസ്-9



# ജോജിയുടെ ജീവിതം

ചെറുകഥ



സെർജി ആൻ്റണി
ക്ലാസ്: 9

നമ്മുടെ ഈ കഥയിലെ നായകൻ്റെ പേര് ജോജി എന്നാണ് . ജോജിയുടെ ജീവിതം വളരെ കഷ്ടങ്ങളും ദുരിതങ്ങളും പരീക്ഷണങ്ങളും എല്ലാം നിറഞ്ഞതായിരുന്നു. ജോജിയുടെ അമ്മ അവന് 18 വയസ്സ് ഉള്ളപ്പോൾ തന്നെ മരിച്ചു. ഭാര്യയുടെ മരണത്തോടെ തന്നെ ജോജിയുടെ അച്ഛൻ കിടപ്പിലായി. ഒരു ജോലിയും ചെയ്യാൻ കഴിയാതെ അദ്ദേഹം കുറേക്കാലം ആ കിടപ്പ് കിടന്നില്ല. ജോജിക്ക് താഴെ മൂന്ന് അനിയന്മാർ ഉണ്ടായിരുന്നു ഈ അനിയന്മാർക്ക് ജോജി മാത്രമേ ഉണ്ടായിരുന്നുള്ളൂ ഇവർക്ക് വരുമാനം ഇല്ലായിരുന്നു. അപ്പോൾ ജോജി വരുമാനത്തിനായി പോയി. അങ്ങനെ അവൻ അവരുടെ അച്ഛന് ഉണ്ടായിരുന്ന ബാധ്യതകൾ എല്ലാം തീർത്തും കൂടെ അവൻ്റെ അനിയന്മാരെയും പഠിപ്പിച്ചു വളർത്തി. തൻ്റെ അനിയന്മാർക്ക് വേണ്ടി മാത്രം ജീവിക്കാൻ തുടങ്ങി. അനിയന്മാരായിരുന്നു ജോജിയുടെ ശ്വാസവും ജീവനും എല്ലാം.

പത്ത് വർഷങ്ങൾക്ക് ശേഷം

ജോജിക്ക് ഇപ്പോൾ 28 വയസ്സ് . നേരെ ഇളയ അനിയന് 14 വയസ്സ് ആയുള്ളൂ. ഒരു തുണയില്ലാതെ തനിക്ക് ഇനി ജീവിക്കാനും അനിയന്മാരെ വളർത്താനും കഴിയില്ല എന്ന് ജോജിക്ക് മനസ്സിലായി. അതുകൊണ്ടുതന്നെ അവൻ ഒരു വിവാഹം കഴിക്കാമെന്ന് തീരുമാനിച്ചു. പക്ഷേ വിവാഹത്തിനുശേഷം കുട്ടികളൊക്കെ ആകുമ്പോൾ തനിക്ക് അനിയന്മാരോടുള്ള സ്നേഹവും കരുതലുംക കുറയില്ലേ എന്നൊരു ഭയം ജോജിയുടെ മനസ്സിൽ ഉണ്ടായിരുന്നു. അവന് അങ്ങനെ സുഹൃത്തുക്കൾ അധികം ഒന്നും ഉണ്ടായിരുന്നില്ല. രണ്ടുപേർ ജോസുകുട്ടിയും സേതുവും. അതിൽ ജോജി തൻ്റെ

ദുരിതങ്ങളും വിഷമങ്ങളും എല്ലാം പങ്കുവയ്ക്കുന്നത് ജോസുകുട്ടിയോട് ആയിരുന്നു.തനിക്ക് ഒരു വിവാഹം കഴിക്കണമെന്ന് പറഞ്ഞപ്പോൾ ജോസുകുട്ടി ഉടനെ അവനോട് ജോസുകുട്ടിയുടെ മനസ്സിൽ ഉണ്ടായ ഒരു ആഗ്രഹം പറഞ്ഞു. ജോസുകുട്ടിക്ക് കൂടെപിറപ്പായി ആകെ ഒരു സഹോദരിയെ ഉള്ളൂ.അപ്പോൾ ആ സഹോദരിയെ അവനെ വിവാഹം കഴിച്ചൂടെ എന്ന് ജോസുകുട്ടി പറഞ്ഞു. പക്ഷേ ജോജി വേണ്ട വേണ്ട എന്ന് പറഞ്ഞെങ്കിലും ഇളയച്ഛന്റെയും ജോസുകുട്ടിയുടെയും നിർബന്ധം വഴങ്ങി വിവാഹത്തിന് സമ്മതിച്ചു. അങ്ങനെ ജോസുകുട്ടിയുടെ ഒരേ ഒരു സഹോദരി എലിസയെ അവന് വിവാഹം കഴിപ്പിച്ചു കൊടുത്തു. മനസ്സിൽ നന്മകൾ ഉള്ളവളും മറ്റുള്ളവരുടെ മനസ്സിനെ അറിയാനും ജീവിതത്തിൽ തന്നെ സന്തോഷങ്ങളെക്കാൾ മറ്റുള്ളവരുടെ സന്തോഷത്തിന് പ്രാധാന്യം കൊടുക്കുന്ന സ്വഭാവമായിരുന്നു. വിവാഹത്തിനുശേഷം ആദ്യരാത്രിയിൽ തന്നെ മനസ്സിലെ ഭയത്തിനുളവാക്കിയ കാര്യം എൽസയോട് പറഞ്ഞു. കൂടെ തൻ്റെ ആ തീരുമാനവും. നമുക്ക് ഈ ജന്മത്തിൽ കുട്ടികൾ വേണ്ട. കുട്ടികൾ വന്നാൽ എന്നിൽ നിന്ന് അനിയന്മാർ അകന്നുപോകും. ജോജിയുടെ ആ തീരുമാനത്തോട് ചേർന്ന് നിന്നു അനിയന്മാരെ സ്വന്തം മക്കളെപ്പോലെ  കാണുവാൻ തുടങ്ങി. അനിയന്മാർക്ക്  ജോജി നല്ല ഉന്നത വിദ്യാഭ്യാസം കൊടുക്കുവാനും കഴിഞ്ഞു. അവര് എം.ബി.യെ എൽ.എൽ.ബി എന്നിങ്ങനെയുള്ള പഠനങ്ങൾ പഠിച്ച് നല്ല ജോലി കൈവരിച്ചു. അവരെ വിവാഹം കഴിപ്പിച്ചും  അവരെ സ്വന്തം കാലിൽ നിർത്തിയും  ജോജി തന്റെ പതിനെട്ടാം വയസ്സിൽ തുടങ്ങിയ ഓട്ടം പൂർത്തിയാക്കി.

# MIRACLES OF PORSIEBAN

[PART 1: INDIANA]



അനന്ദു അനിൽ
ക്ലാസ്: 9

Disclaimer: *It is a fictional story*



Its year 1926, near the coast of Carolingian Kingdom, a ship named 'Costa Concarita' was on sail to France through Porsieban's Ocean. The captain of the ship was 'Mark Luther Kolff'. When captain Kolff' set the sail to France, the weather was pleasant. Costa Concarita carried 15 million tons of gold which was to be shipped to France. But, the ship struck in a tragedy. A thunderstorm was coming towards the ship. Captain Kolff who had 25 years of experience of being a captain tried very hard to bring the ship out of danger but it was too late. The engine of Costa Concarita failed and water started to fill in the ship. At last, the great Costa Concarita submerged into the darkness of Porsieban's Ocean in which none of the crew members survived. After this tragedy, many countries including Carolingian, USSR, Britain, France etc, sent their forces to find the wreck remains of Costa Concarita but they were unsuccessful.



Years passed, came the year 2027, the Carolingian Kingdom was split into two well-known superpower states namely: Indiana and Louisiana. Indiana had a democratic ideology whereas Louisiana had a socialist ideology. They were enemies. They had disputes over most of the things. The King of Indiana was 'King Sevensky Ditrovich' and the Chairman of Louisiana was 'Vladmirovich Stalin'. Ditrovich hated Stalin and Stalin hated Ditrovich. There was a state named 'Munich', which is a state of Indiana, was the birthplace of the father of Louisiana, 'Merize Aloto Lenin'. Louisiana wanted the state of Munich since the partition but the king of that time, Alonzo Ditrovich, discarded the demand of Lenin and took the land for his

kingdom.



On the 5th death anniversary of Lenin, Stalin declared war on Indiana and took oath to fulfill the Last wish of Lenin. When the news reached Ditrovich, he was shocked. He never saw it coming and when he took the command, it was too late. Army of Louisiana captured the state of Munich and renamed it to Victoryland.[ More details on part II]

Indiana is the land that the last king of the 2000 years old Carolingian Kingdom, Alonzo Ditrovich drew and borders were marked to form Indiana. The name Indiana was given by Alonzo from the name of the first Queen of Carolingian Kingdom and Mother of Porsieban Ditrovich, 'Indiana Ditrovich'. It was formed in 2001.How?(explained in part II).


Written by: Anandhu Anil, IX A

PART II COMING SOON….

# The Silent Epidemic:

## *Drug Abuse Among High School Students*






**KEVIN SAJAN**
**CLASS: 9**

Drug abuse among high school students is a growing concern that demands urgent attention. With easy access to various substances and the pressure to fit in, many adolescents find themselves ensnared in the grip of addiction, jeopardizing their future and well-being.

Statistics reveal a worrying trend of increasing drug abuse among high school children.
Several factors contribute to the vulnerability of high school students to drug abuse. Peer pressure, familial influences, societal norms, and psychological issues all play a role in driving adolescents towards substance use as a coping mechanism.


Drug abuse adversely affects academic performance, leading to poor grades, absenteeism, and dropout rates. The cognitive impairments caused by drug use hinder students' ability to concentrate, retain information, and participate in classroom activities.

The consequences of drug abuse extend beyond academic setbacks to encompass serious physical and mental health ramifications. Substance abuse increases the risk of developing addiction, overdose, chronic diseases, mental disorders, and even fatalities.


Addressing drug abuse among high school students requires a multifaceted approach. Prevention programs, educational initiatives, parental involvement, counseling services, and community support networks are essential components in combating this epidemic.

Early intervention is crucial in mitigating the effects of drug abuse and supporting affected students. School-based interventions, peer support groups, rehabilitation programs, and access to mental health services play pivotal roles in guiding adolescents towards recovery and healing.

Drug abuse among high school students is a complex issue with far-reaching consequences that demand concerted efforts from parents, educators, policymakers, and society as a whole. By fostering a supportive environment and providing comprehensive resources, we can empower our youth to make healthier choices and break free from the cycle of addiction.




ARJUN APPUKUTTAN
CLASS: 9



BEN THOMAS
CLASS: 5




**PREPARED BY**,

**ANANDHU ANIL**

**KASHINATH MANOJ**

**CHRISTY KUNCHERIA**